# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതി - ശമ്പള പരിഷ്ക്കരണം

5710

ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതി പ്രകാരം നിയമിച്ചിട്ടുള്ള അക്രഡിറ്റഡ് എഞ്ചിനീയർ, ഓവർ സിയർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരുടെ ശമ്പളം എത്ര രൂപ വീതമാണ്;

(ബി) ഇവരുടെ ശമ്പളം തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം ആരംഭിച്ചതിനു ശേഷം പരിഷ്ക്കരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ശമ്പളം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>ദേശീയ തൊഴിലുറപ്പ് നിയമം</u>

5711 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. കെ. രാധാകൃഷ്ണൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ തൊഴിലുറപ്പ് നിയമം അനുശാസിക്കുംവിധം രജിസ്റ്റർ ചെയ്ത കുടുംബത്തിന് പ്രതിവർഷം ഏറ്റവും കുറഞ്ഞത് എത്ര ദിവസം തൊഴിൽ ലഭ്യമാക്കേണ്ടതുണ്ട് ; ഇതിൽ കൂടുതൽ ദിവസം തൊഴിൽ നൽകാൻ പാടില്ലെന്ന് വ്യവസ്ഥയുണ്ടോ ;

(ബി) ഇപ്പോൾ ശരാശരി എത്ര ദിവസം തൊഴിൽ നൽകാൻ സാധ്യമാകുന്നുണ്ട് ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പരമാവധി നൂറു ദിവസമേ ജോലി നൽകാവൂ എന്ന് നിഷ്കർഷിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതൊഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

5712 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2010-2011 സാമ്പത്തിക വർഷം എത്ര കോടി രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) ആലപ്പുഴ മുതുകുളം ബ്ലോക്കിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിക്ക് ഡേറ്റാ എൻട്രി ഓപ്പറേറ്റർ, അക്രഡിറ്റഡ് എഞ്ചിനീയർമാർ എന്നിവർക്ക് എത്ര രൂപയാണ് വേതനം ലഭിക്കുന്നത് എന്നും അവരുടെ വേതനം വർദ്ധിപ്പിക്കുന്നത് പരിഗണനയിലുണ്ടോയെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി

5713 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിപ്രകാരം എത്ര തൊഴിൽ ദിനങ്ങളാണ് ഒരു തൊഴിലാളിക്ക് നൽകേണ്ടതെന്നും കേരളത്തിൽ ശരാശരി എത്ര തൊഴിൽ ദിനങ്ങൾ വീതം നൽകാൻ കഴിയുന്നുണ്ട് എന്നും വ്യക്തമാക്കുമോ;

(ബി) ആരോഗ്യ വകുപ്പിലും മറ്റും ദിവസവേതനക്കാരെ ഉപയോഗിച്ച് നടത്തുന്ന ജോലികൾ തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തുന്നതിന് വകുപ്പുകളുമായി ആശയവിനിമയം നടത്തുമോ;

(സി) പ്രസ്തുത പദ്ധതിപ്രകാരം വൈക്കം നിയോജകമണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും 2011-12 വർഷം സെപ്റ്റംബർ 30 വരെ എത്ര തൊഴിലാളികൾവീതം പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയുടെ ഗുണമേന്മ പരിശോധിക്കാൻ സംവിധാനമുണ്ടോ; അതിനായി പരിശോധനയ്ക്ക് ഏതെങ്കിലും ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

കേന്ദ്ര ഫണ്ടും മോണിറ്ററിംഗ് സംവിധാനവും

5714 ഡോ. എന്‍. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേന്ദ്ര സര്‍ക്കാര്‍ സംസ്ഥാനത്തിന് അനുവദിക്കുന്ന തുകയും ഗ്രാന്റുകളും സമയബന്ധിതമായി ചെലവഴിക്കുന്നതിനും കാര്യക്ഷമമായി ഉപയോഗിക്കുന്നതിനും ഉതകുന്ന വിധത്തില്‍ ഒരു സ്ഥിരം സംവിധാനം ഏര്‍പ്പെടുത്തുന്നതിലേയ്ക്ക് നിര്‍ദ്ദേശങ്ങള്‍ സമര്‍പ്പിക്കുന്നതിന് ഏതെങ്കിലും കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നോ ; വിശദാംശങ്ങള്‍ നല്കുമോ ;

(ബി) പ്രസ്തുത കമ്മിറ്റി നിര്‍ദ്ദേശങ്ങള്‍ സമര്‍പ്പിച്ചുവോ; വിശദാംശങ്ങള്‍ നല്കുമോ ;

(സി) കേന്ദ്രസര്‍ക്കാര്‍ അനുവദിക്കുന്ന പദ്ധതികള്‍ ഫലപ്രദമായി നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്താന്‍ ഉതകുന്ന ശക്തമായ മോണിറ്ററിംഗ് സംവിധാനം നടപ്പു സാമ്പത്തിക വര്‍ഷം തന്നെ ഏര്‍പ്പെടുത്താന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

<u>കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

5715 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിൽ ഗ്രാമവികസന വകുപ്പിന്റെ കീഴിൽ നടന്നുവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ:

(ബി) ഗ്രാമീണ സഡക് യോജന പദ്ധതി പ്രകാരം ആറ്റിങ്ങൽ മണ്ഡലത്തിൽ എത്ര വർക്കുകൾ നടന്നുവരുന്നു;

(സി) ഓരോ റോഡ് നിർമ്മാണത്തിന്റെയും അടങ്കൽ തുക വ്യക്തമാക്കാമോ; ഓരോ വർക്കിന്റെയും കരാർ ഏറ്റെടുത്തിരിക്കുന്നത് ആരാണ്; ഓരോ വർക്കിനും കരാറുകാർ എത്ര തുകവീതമാണ് കൈപ്പറ്റിയിരിക്കുന്നത്; വിശദമാക്കാമോ;

(ഡി) പ്രസ്തുത റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും കേസ് നിലനിൽക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

കേന്ദ്രാവിഷ്കൃത പദ്ധതികള്‍

5716

ശ്രീ. ഇ. പി. ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതികള്‍ സംസ്ഥാനത്ത് നടപ്പിലാക്കുമ്പോള്‍ കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങള്‍ പരിഗണിച്ച് എന്തെല്ലാം ഇളവുകള്‍ അനുവദിക്കണമെന്നാണ് കേന്ദ്ര ആസൂത്രണ കമ്മീഷനോട് ആവശ്യപ്പെട്ടതെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആവശ്യങ്ങള്‍ അംഗീകരിക്കുകയുണ്ടായോയെന്നു വ്യക്തമാക്കുമോ; ഇല്ലെങ്കില്‍ ഏതെല്ലാം നിര്‍ദ്ദേശങ്ങളോടാണ് ആസൂത്രണ കമ്മീഷന്‍ എതിര്‍പ്പ് പ്രകടിപ്പിച്ചതെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

നെൽകൃഷിപ്പണികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടി

5717

ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൽകൃഷിപ്പണികൾ നടക്കുന്ന സമയത്ത് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുന്ന മറ്റ് പണികൾ നിർത്തിവെക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) നെൽകൃഷിപ്പണികൾ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

എ. പി. എൽ. ബി. പി എൽ. ലിസ്റ്റ്

5718 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വി. ഡി. സതീശൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, എ. പി. അബ്ദുളളക്കുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഒരു വർഷത്തെ കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി യഥാർത്ഥ എ. പി. എൽ., ബി. പി എൽ. വിഭാഗക്കാരെ കണ്ടെത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>സംസ്ഥാന സർക്കാർ സ്വന്തം നിലയിൽ ആവിഷ്കരിച്ച പദ്ധതികൾ</u>

5719 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഗ്രാമവികസന വകുപ്പ് ഏതെങ്കിലും പുതിയ പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ അവയിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ അല്ലാതെ സംസ്ഥാന സർക്കാർ സ്വന്തം നിലയിൽ ആവിഷ്കരിച്ച ഏതെങ്കിലും പദ്ധതികൾ ഉണ്ടോ;

(സി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>അങ്കമാലി മണ്ഡലത്തിൽ ഗ്രാമവികസന വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികൾ</u>

5720 ശ്രീ.ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഗ്രാമവികസന വകുപ്പ് വഴി നടപ്പിലാക്കിയ കേന്ദ്ര സംസ്ഥാന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) ഓരോ പദ്ധതികൾക്കും ചിലവഴിച്ച തുക എത്രയെന്നും ചിലവഴിക്കാതെ ബാക്കിയുള്ള തുക എത്രയെന്നും വ്യക്തമാക്കാമോ ;

(സി) ഇങ്ങനെ അനുവദിച്ച തുക ചിലവഴിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം അനുവദിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ ;

(ഇ) ഇതിനായി വകയിരുത്തിയിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>വയനാട് ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതി</u>

5721 ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. ആർ. സെൽവരാജ്
,, എസ്. രാജേന്ദ്രൻ
,, കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജപ്പാന്റെ സാമ്പത്തിക സഹായത്തോടെ വയനാട് ജില്ലയിൽ നടപ്പിലാക്കുന്നതിന് ഗ്രാമവികസന വകുപ്പിൽ തയ്യാറാക്കപ്പെട്ട പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്;

(ബി) പ്രസ്തുത പദ്ധതി ഗവൺമെന്റിൽ സമർപ്പിച്ചത് എപ്പോഴാണ്; പദ്ധതി തയ്യാറാക്കിയത് ആരായിരുന്നു; പദ്ധതിക്ക് ജപ്പാന്റെ അംഗീകാരം ലഭിക്കുന്നതിന് ഇനി എന്തെങ്കിലും നടപടി കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കേണ്ടതായിട്ടുണ്ടോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

ഗ്രാമീണ പശ്ചാത്തല വികസന നിധിയുടെ പ്രവര്‍ത്തനങ്ങള്‍

5722

ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗ്രാമീണ പശ്ചാത്തല വികസന നിധിയുടെ പ്രവര്‍ത്തനങ്ങള്‍ വിശദമാക്കുമോ;

(ബി) പുനര്‍വായ്പാ സഹായ വിതരണം, ഗ്രാമീണ റോഡുകള്‍, വെള്ളക്കെട്ട് പ്രദേശങ്ങള്‍ കൃഷിയോഗ്യമാക്കല്‍, ഉള്‍നാടന്‍ ഗതാഗതം, വിനോദസഞ്ചാര പ്രാധാന്യമുള്ള റോഡുകള്‍, ഗ്രാമീണ വിപണന കേന്ദ്രങ്ങള്‍ എന്നീ മേഖലകളില്‍ ഇപ്രകാരം എത്ര തുകയുടെ പ്രവൃത്തികള്‍ നടന്നിട്ടുണ്ട്;

(സി) അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>ആസൂത്രണ ബോർഡിന്റെ ഘടന</u>

5723

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആസൂത്രണ ബോർഡിന്റെ നിലവിലെ ഘടന എന്താണെന്ന് വിശദമാക്കുമോ;

(ബി) ഏതൊക്കെ മേഖലയിലെ വിദഗ്ദ്ധരെയാണ് ബോർഡിൽ ഉൾപ്പെടുത്താറുള്ളത്;

(സി) ബോർഡിൽ നിയമസഭാംഗങ്ങളുടെ പ്രതിനിധിയെ കൂടി ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

ഗ്രാമീണ റോഡുകൾ പുനരുദ്ധരിക്കുന്നതിന് നടപടി

5724 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഗ്രാമീണ റോഡുകൾ പുനരുദ്ധരിക്കുന്നതിന് പി.എം.ജി.എസ്.വൈ. ൽ ഉൾപ്പെടുത്തി നിരവധി റോഡുകളുടെ പ്രവർത്തികൾ മുമ്പേ നടത്തിയിട്ടുണ്ടെങ്കിലും കഴിഞ്ഞ രണ്ടു വർഷത്തിലധികമായി കേന്ദ്ര ഗവൺമെന്റിന്റെ നിബന്ധനകൾ മൂലം കേരളത്തിലെ ഒരു ഗ്രാമീണ റോഡും പ്രസ്തുത പദ്ധതി പ്രകാരം നിർമ്മിക്കാൻ കഴിയാതെ തടസ്സപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് നിബന്ധനകളിൽ മാറ്റം വരുത്താൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>പി. എം. ജി. എസ്. വൈ.</u>

5725 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എം. ജി. എസ്. വൈ. പ്രകാരം ഇതുവരെ സംസ്ഥാനത്ത് എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്നും അതിൽ വൈക്കം നിയോജകമണ്ഡലത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം റോഡുകളാണ് വൈക്കം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും അതിൽ പണിപൂർത്തീകരിച്ച റോഡുകളും ഇനി പൂർത്തീകരിക്കാനുള്ള റോഡുകളും ഇനം തിരിച്ച് വിശദമാക്കാമോ;

(സി) പുതുതായി ഈ പദ്ധതി പ്രകാരം റോഡുകൾ ഏറ്റെടുക്കാൻ ആലോചിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

പി. എം. ജി. എസ്. വൈ

5726 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എം. ജി. എസ്. വൈ പ്രകാരം കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തുകളുടെ പരിധിയിലുളള പ്രദേശത്ത് എത്ര റോഡുകൾ നിർമ്മിച്ചിട്ടുണ്ട്;

(ബി) അങ്ങനെ നിർമ്മിച്ച റോഡുകൾ ഓരോന്നിനും ചെലവായ തുക എത്രയാണ്;

(സി) പ്രസ്തുത പദ്ധതി പ്രകാരം അംഗീകാരം ലഭിച്ച റോഡുകളിൽ പൂർത്തീകരിക്കാത്ത പ്രവർത്തികൾ ഏതെല്ലാമാണ്; അതിന്റെ കാരണം എന്താണ്;

(ഡി) പുതുതായി നിർമ്മിക്കുന്നതിന് അംഗീകാരം ലഭിച്ചിട്ടുളള റോഡുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>പി. എം. ജി. എസ്.വൈ</u>

5727 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ ഏതൊക്കെ റോഡുകളാണ് പി. എം. ജി. എസ്.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം അമ്പലപ്പുഴ മണ്ഡലത്തിൽ നടന്നുവരുന്ന പ്രവർത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) പി. എം. ജി. എസ്.വൈ പദ്ധതിയിൽ റോഡുകളുടെ നിർമ്മാണം ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ

# 27.10.2011-ലെ മറുപടിക്ക്

<u>പി. എം. ജി. എസ്.വൈ പദ്ധതി പ്രകാരമുള്ള റോഡുകൾ</u>

5728 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജക മണ്ഡലത്തിൽ പി. എം. ജി. എസ്.വൈ പദ്ധതി പ്രകാരം എത്ര റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി ലഭ്യമായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡുകളിൽ എത്ര എണ്ണം നിർമ്മാണം ആരംഭിച്ചു എന്നും അവ ഏതൊക്കെ എന്നും വ്യക്തമാക്കുമോ;

(സി) നിർമ്മാണം ആരംഭിക്കാത്ത റോഡുകൾ ഏതൊക്കെയാണെന്നും അവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്തെ സാമ്പത്തിക വളർച്ച</u>

5729 ശ്രീ. ബെന്നി ബെഹനാൻ
,, വി. റ്റി. ബൽറാം
,, പി. സി. വിഷ്ണുനാഥ്
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് സംസ്ഥാനം എത്ര ശതമാനം സാമ്പത്തിക വളർച്ചയാണ് ലക്ഷ്യമിടുന്നത്;

(ബി) ഏതെല്ലാം മേഖലകൾക്കാണ് പ്രത്യേക പ്രാധാന്യം നൽകിയിട്ടുള്ളത്;

(സി) സംസ്ഥാന വിഹിതത്തോടൊപ്പം പൊതുസ്വകാര്യ പങ്കാളിത്തത്തോടെയും ധനകാര്യസ്ഥാപനങ്ങളുടെ സഹായത്തോടെയുമുള്ള പദ്ധതികൾ കൂടിവരുമ്പോൾ ഈ മേഖലകളിൽ കൂടുതൽ തുകകൾ അനുവദിക്കാൻ തയ്യാറാകുമോ: വിശദമാക്കുമോ ?

# കേരള നിയമസഭ

## 27.10.2011-ലെ മറുപടിക്ക്

12 -ാം പഞ്ചവത്സര പദ്ധതി പ്രവർത്തനങ്ങളിൽ പൊതുസ്വകാര്യ പങ്കാളിത്തം

5730 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, കെ. ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി സംസ്ഥാന വിഹിതത്തോടൊപ്പം പൊതു സ്വകാര്യ പങ്കാളിത്തം ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇതിനായി ധനകാര്യസ്ഥാപനങ്ങളെ എങ്ങനെ പ്രയോജനപ്പെടുത്താമെന്നാണ് ഉദ്ദേശിച്ചിട്ടുള്ളത് ;

(സി) ഇത് മോണിറ്ററിംഗ് ചെയ്യുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് പ്ലാനിംഗ് ബോർഡിൽ നടപ്പാക്കാനുദ്ദേശിക്കുന്നത് ;

(ഡി) ഇതിന്റെ നടത്തിപ്പിനായി ബോർഡിൽ ഒരു പ്രത്യേക സെൽ രൂപീകരിക്കുമോ എന്നു വിശദമാക്കുമോ ?

# കേരള നിയമസഭ

## 27.10.2011-ലെ മറുപടിക്ക്

<u>പ്ലാനിംഗ് കമ്മീഷൻ അംഗീകാരം സംബന്ധിച്ച നടപടി</u>

5731 ഡോ. എൻ. ജയരാജ്
ശ്രീ. സി.എഫ്. തോമസ്.

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റിന്റെ 2011 - 12 ലെ വാർഷിക പദ്ധതിയിൽ കേന്ദ്രത്തോട് നിർദ്ദേശിച്ചത് എത്ര കോടി രൂപയ്ക്കായിരുന്നു;

(ബി) പ്രസ്തുത നിർദേശം പൂർണ്ണമായി അംഗീകരിക്കപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി

5732

ശ്രീ. ബെന്നി ബെഹനാൻ
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ കരടു സമീപന രേഖ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച ശേഷം എല്ലാ വിഭാഗം ജനങ്ങളുടെയും നിർദ്ദേശങ്ങൾ ആരായാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കാർഷിക, വ്യവസായ, സാമ്പത്തിക, യുവജന, മാധ്യമ, ട്രേഡ് യൂണിയൻ പ്രതിനിധികളുടെയും സർക്കാരിതര സംഘടനകൾ, രാഷ്ട്രീയ പാർട്ടികൾ, ജനപ്രതിനിധികൾ എന്നിവരുടെയും അഭിപ്രായം കൂടി പരിഗണിച്ചതിനു ശേഷം നടപടി എടുക്കുമോ;

(ഡി) ഇതിനായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സമ്മേളനങ്ങൾ സംഘടിപ്പിക്കുമോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>12-ാം പഞ്ചവത്സര പദ്ധതിയുടെ സമീപന രേഖ</u>

5733 ശ്രീ. പി. സി. വിഷ്ണുനാഥ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, സി. പി. മുഹമ്മദ്
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 12-ാം പഞ്ചവത്സര പദ്ധതിയുടെ സമീപന രേഖയുടെ കരട് അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ അടങ്കൽ തുക എത്രയാണ്;

(സി) കഴിഞ്ഞ പഞ്ചവത്സര പദ്ധതിയുടെ അടങ്കൽ തുകയേക്കാൾ എത്ര ശതമാനം വർദ്ധനവാണ് ഇപ്പോൾ വരുത്തിയിട്ടുള്ളത്;

(ഡി) സംസ്ഥാന വിഹിതത്തോടൊപ്പം പൊതുസ്വകാര്യ പങ്കാളിത്തവും ധനകാര്യ സ്ഥാപനങ്ങളുടെ സഹായവും കൂടി വരുമ്പോൾ അടങ്കൽ തുക എത്രയാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

ഗ്രാമവികസന വകുപ്പിൽ ലാവണം നിലനിർത്തൽ

5734 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിൽ ലാവണം നിലനിർത്തിക്കൊണ്ടുതന്നെ മറ്റു സർക്കാർ വകുപ്പുകളിൽ ഡെപ്യൂട്ടേഷൻ, അദർഡ്യൂട്ടി, വർക്കിംഗ് അറേഞ്ച്മെന്റ് എന്നീ നിലകളിൽ ഗ്രാമവികസന വകുപ്പിലെ ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥരുടെ പേര്, തസ്തിക, ഇപ്പോൾ ജോലി ചെയ്യുന്ന വകുപ്പ് തുടങ്ങി ഇതു സംബന്ധിച്ചുള്ള എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>വി. ഇ. ഒ. തസ്തിക</u>

5735 ശ്രീ. റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിൽ വി. ഇ. ഒ. മാരുടെ സേവന വേതന വ്യവസ്ഥകളിൽ ജോലിഭാരം കണക്കിലെടുത്ത് കാലോചിതമായ പരിഷ്കാരങ്ങൾ ഉണ്ടായിട്ടില്ല എന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) വി. ഇ. ഒ. തസ്തികയുടെ നിയമനത്തിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; ഇവയുടെ അടിസ്ഥാന യോഗ്യത എന്തെന്ന് വ്യക്തമാക്കുമോ;

(ഡി) വി. ഇ. ഒ.മാരിൽ എം.എസ്.ഡബ്ല്യൂ. യോഗ്യതയുള്ളവർക്ക് എൻ. ആർ. എൽ. എം.ൽ വിവിധ തസ്തികകളിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

<u>ജോയിന്റ് ബി. ഡി. ഒ. തസ്തികകൾ</u>

5736 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിൽ ഇപ്പോൾ ജോയിന്റ് ബി. ഡി. ഒ. തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടോ;

(ബി) എങ്കിൽ അവ ഏതൊക്കെ ബ്ലോക്ക് പഞ്ചായത്തുകളിലാണ് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഒഴിവുകളിൽ എന്ന് നിയമനം നടത്തും എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>സര്‍ക്കാരിന്റെ ഔദ്യോഗിക വെബ്പോര്‍ട്ടലുകള്‍</u>

5737 ശ്രീമതി. ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാരിന്റെ ഔദ്യോഗിക വെബ്പോര്‍ട്ടലുകള്‍ ഏതെല്ലാമാണ്;

(ബി) ഇവയുടെ സേവനം ജനങ്ങള്‍ക്ക് എത്രമാത്രം പ്രയോജനപ്പെടുന്നു എന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കില്‍ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>പാല്‍ ഉല്പാദനത്തില്‍ സ്വയംപര്യാപ്തത</u>

5738 ഡോ. എന്‍. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് പാല്‍ ഉല്പാദനത്തില്‍ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് നടപ്പുസാമ്പത്തിക വര്‍ഷം എന്തെല്ലാം പരിപാടികള്‍ നടപ്പാക്കാനുദ്ദേശിക്കുന്നു; വ്യക്തമാക്കുമോ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികള്‍ പ്രയോജനപ്പെടുത്തി ക്ഷീരവികസന വകുപ്പ് പാല്‍ ഉല്പാദനം വര്‍ദ്ധിപ്പിക്കുന്നതിനായി പരിപാടികള്‍ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങള്‍ നല്കുമോ;

(സി) പാലിന്റെ ആഭ്യന്തര പ്രതിദിന ശരാശരി ഉല്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം നടപ്പുസാമ്പത്തിക വര്‍ഷം എത്രത്തോളം കുറയ്ക്കാനുള്ള പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) ആഭ്യന്തര പാല്‍ ഉല്പാദനം വര്‍ദ്ധിപ്പിക്കുന്നതിന് നിലവില്‍ സംസ്ഥാനത്തു പ്രവര്‍ത്തിക്കുന്ന ഡയറി ഫാമുകള്‍ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

<u>ഹൈടെക് ഡയറി ഫാമുകൾ</u>

5739 ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹൈടെക് ഡയറി ഫാമുകൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത ഫാമുകൾ സ്ഥാപിച്ചതുവഴി ക്ഷീര മേഖലയ്ക്ക് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്;

(സി) സംസ്ഥാനത്ത് നടപ്പു സാമ്പത്തിക വർഷം കൂടുതൽ ഹൈടെക് ഡയറി ഫാമുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുവോ; ഇതിന് കേന്ദ്രസഹായം ലഭ്യമാണോ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

ഡയറിഫാം ഇൻസ്ട്രക്ടർ

5740 ശ്രീ. റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീരവികസന വകുപ്പിലെ ഡയറിഫാം ഇൻസ്ട്രക്ടർക്ക് ട്രെയിനിംഗ് സമയത്ത് ലഭിക്കുന്ന വേതനം എത്രയാണ്; ഇത് അവസാനമായി പരിഷ്ക്കരിച്ചത് എന്നാണ്;

(ബി) ഡയറിഫാം ഇൻസ്ട്രക്ടർ തസ്തികയിൽ ട്രെയിനിംഗ് പിരീഡ് സർവ്വീസിന്റെ ഭാഗമായി പരിഗണിക്കാൻ നടപടികൾ സ്വീകരിക്കുമോ; ഇല്ല എങ്കിൽ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

<u>ക്ഷീരകർഷകർക്കുള്ള പാക്കേജ്</u>

5741 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകർക്കുള്ള പുതിയ പാക്കേജുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ എന്ന് സദയം വ്യക്തമാക്കുമോ;

(ബി) ക്ഷീരകർഷകർക്ക് പശുവിനെ വാങ്ങുവാനും മറ്റ് ഡെയറി ആവശ്യങ്ങൾക്കും വേണ്ടി ബാങ്കിൽ നിന്നുള്ള 10 ലക്ഷം രൂപ വരെയുള്ള വായ്പകൾ കൃഷിയിൽ ഉൾപ്പെടുത്തി പലിശ 5% മുതൽ 7% വരെയാക്കി പരിമിതപ്പെടുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ഇതര ക്ഷേമനിധികളെപ്പോലെ ക്ഷീരകർഷകർ അടയ്ക്കുന്ന മുഴുവൻ തുകയും 60 വയസ്സ് തികയുമ്പോൾ പലിശ സഹിതം തിരിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>പാലിന്റെ ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി</u>

5742 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലിന്റെ ഉല്പാദനം വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ക്ഷീരകർഷകർക്ക് ഇപ്പോൾ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത്;

(സി) ക്ഷീരകർഷകർക്ക് പാലിന്റെ വിലയായി മിൽമ ഇപ്പോൾ എത്ര രൂപയാണ് നൽകുന്നത്; ഇതു വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>ക്ഷീരകർഷകരുടെ ആവശ്യങ്ങൾ</u>

5743 ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലിന്റെ സ്വയംപര്യാപ്തതയ്ക്ക് എന്തൊക്കെ നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ക്ഷീരകർഷകർക്ക് ആദായകരമായ നിലയിൽ കന്നുകാലികളെ വളർത്തുന്നതിന് എന്തൊക്കെ പുതിയ പദ്ധതികൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ ;

(സി) ക്ഷീരകർഷകരുടെ പെൻഷൻ ആയിരം രൂപയായി ഉയർത്തുന്നതിന് നടപടികൾ ഉണ്ടാകുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>ക്ഷീര കർഷകരെ സഹായിക്കുന്നതിന് പ്രത്യേക പാക്കേജ്</u>

5744 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ക്ഷീര കർഷകരെ സഹായിക്കുന്നതിനായി പ്രത്യേക പാക്കേജ് നടപ്പാക്കുന്ന കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ;

(ബി) പാൽ സംഭരണം മെച്ചപ്പെടുത്തുന്നതിനും അവ കേടുകൂടാതെ സംരക്ഷിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) ജില്ലയിലെ ക്ഷീര കർഷകർക്ക് പെൻഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>സുസ്ഥിരമായ ക്ഷീരോല്പദാനം പ്രാവര്‍ത്തിക
മാക്കാന്‍ പദ്ധതി</u>

5745 ശ്രീ. ഡോ. എന്‍. ജയരാജ്
'' റോഷി അഗസ്റ്റിന്‍
'' തോമസ് ഉണ്ണിയാടന്‍
''

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ക്ഷീര വികസന മേഖലയ്ക്ക് നടപ്പു സാമ്പത്തിക വര്‍ഷം എത്ര തുകയാണ് നീക്കി വച്ചിട്ടുള്ളത്; ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇത് മുന്‍വര്‍ഷങ്ങളെ അപേക്ഷിച്ച് ഓരോ ഇനത്തിനും എത്ര തുകയുടെ വര്‍ദ്ധനവാണ് വരുത്തിയിട്ടുള്ളത്;

(സി) സുസ്ഥിരമായ ക്ഷീരോല്പാദനം മുന്‍നിറുത്തി നടപ്പുസാമ്പത്തിക വര്‍ഷം പ്രാവര്‍ത്തികമാക്കാന്‍ ഉദ്ദേശിക്കുന്ന പദ്ധതികള്‍ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>നിലത്തെഴുത്താശ്ശാൻമാരുടെ പെൻഷൻ കുടിശ്ശിക</u>

5746 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലത്തെഴുത്താശ്ശാൻമാർക്ക് എത്ര മാസത്തെ പെൻഷൻ കുടിശ്ശികയാണ് ഉള്ളത് ; എങ്കിൽ കുടിശ്ശിക എന്നത്തേയ്ക്ക് കൊടുത്തു തീർക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ആലപ്പുഴ ജില്ലയിൽ നിലത്തെഴുത്താശ്ശാൻമാരുടെ പെൻഷനുള്ള അപേക്ഷകളിൽ എത്ര എണ്ണത്തിൽ തീരുമാനമാകാതെയുണ്ട്;

(സി) കാലതാമസം ഒഴിവാക്കി അപേക്ഷകർക്ക് പെൻഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>സാംസ്ക്കാരിക വകുപ്പിലെ ഒഴിവുകൾ</u>

5747 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാംസ്ക്കാരിക വകുപ്പിന്റെ കീഴിൽ ഏതെല്ലാം തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട് എന്നും ഇത് എവിടെയെല്ലാമാണെന്നും പ്രത്യേകം പ്രത്യേകം വിശദമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് വിടുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) വിശദാംശം വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

അമൂല്യമായ ശേഖരങ്ങൾ സുരക്ഷിതത്വത്തോടെ പ്രദർശിപ്പിക്കുന്നതിന് നടപടി

5748 ശ്രീ. മുല്ലക്കര രത്നാകരൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
,, ഗീതാ ഗോപി
ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പുരാവസ്തു വകുപ്പിന്റെ കൈവശം, പ്രദർശിപ്പിക്കാത്ത നാണയ ശേഖരങ്ങളും സ്വർണ്ണം, വെള്ളി, ചെമ്പ് തുടങ്ങിയ നിധി ശേഖരങ്ങളുമുണ്ടോ;

(ബി) ഇവയുടെ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ടോ;

(സി) അമൂല്യമായ പ്രസ്തുത ശേഖരങ്ങൾ സുരക്ഷിതത്വത്തോടെ പ്രദർശിപ്പിക്കുന്നതിനും ജനങ്ങൾക്ക് കാണുന്നതിനുമുള്ള അനുവാദം നൽകുമോ?

## കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

ബാലുശ്ശേരിയിലെ ചരിത്രാവശിഷ്ടങ്ങൾ സംരക്ഷിക്കുന്ന നടപടി

5749 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ബാലുശ്ശേരി കോട്ടയിലെ ചുമർചിത്രങ്ങളും ദാരുശില്പങ്ങളും സംരക്ഷിക്കുന്നതിനും ഒരു സംരക്ഷിത ചരിത്ര സ്മാരകമായി പ്രഖ്യാപിക്കുന്നതിനുമുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

<u>പുരാവസ്തു വകുപ്പിന്റെ മേൽനോട്ടത്തിലുള്ള ക്ഷേത്രങ്ങളുടെ സംരക്ഷണ നടപടി</u>

5750 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ പുരാവസ്തു വകുപ്പിന്റെ മേൽനോട്ടത്തിലും സംരക്ഷണത്തിലുമുള്ള എത്ര ക്ഷേത്രങ്ങൾ ഉണ്ടെന്നും, അവ ഏതൊക്കെയാണെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത ക്ഷേത്രങ്ങൾക്ക് എന്തൊക്കെ സഹായങ്ങളാണ് പുരാവസ്തു വകുപ്പിൽ നിന്നും ലഭ്യമാക്കുന്നത്;

(സി) ചാത്തന്നൂരിലുള്ള ചേന്നമത്ത് മഹാദേവർ ക്ഷേത്രത്തിന് എന്തൊക്കെ സഹായങ്ങളാണ് നൽകിയിട്ടുള്ളത്; വിശദാംശം അറിയിക്കുമോ ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

<u>ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ നിയമനം</u>

5751 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചുവർഷം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലും ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിലും പി. എസ്. സി., എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയല്ലാതെ നിയമനം നേടിയവരുടെ പേരുവിവരം വെളിപ്പെടുത്താമോ;

(ബി) സാംസ്കാരിക സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി. ക്ക് വിട്ടുകൊണ്ട് ഉത്തരവുണ്ടായിട്ടും ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിലും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലും ഇവരെ നേരിട്ട് നിയമനം നടത്തുന്നതിനു വേണ്ടി ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ മേലധികാരികൾ സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(സി) പി. എസ്. സി., എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ മുഖേനയല്ലാതെ നിയമനം നേടിയവർക്ക് ശമ്പള സ്കെയിലുകൾ അനുവദിച്ച് നൽകിയത് എന്തു മാനദണ്ഡത്തിലാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പരാതികളിന്മേൽ അന്വേഷണം

5752 ശ്രീ. സി.പി മുഹമ്മദ്
'' തേറമ്പിൽ രാമകൃഷ്ണൻ
'' റ്റി. എൻ. പ്രതാപൻ
'' വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുൻ ഡയറക്ടറുടെ പേരിൽ അഴിമതിയും സാമ്പത്തിക തിരിമറിയുമായി ബന്ധപ്പെട്ട് എത്ര പരാതികൾ മുൻസർക്കാരിന്റെ കാലത്ത് ലഭിച്ചു ;

(ബി) ഇതിൽ കോടതി ഇടപെടലിലൂടെ എത്ര പരാതികളിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ട്;

(സി) ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുൻ ഡയറക്ടറും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കോഴിക്കോടു നടന്ന അന്താരാഷ്ട്ര പുസ്തകോത്സവവുമായി ബന്ധപ്പെട്ട് സാമ്പത്തിക തിരിമറിയും അഴിമതിയും നടത്തിയതായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടും, വി.എ.സി.ബി കോടതി ഇടപെടലിലൂടെ നടത്തിയ അന്വേഷണ ഘട്ടത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ റിപ്പോർട്ട് പരിഗണിക്കാത്തതിനെക്കുറിച്ച് അന്വേഷിക്കുമോ;

(ഡി) ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ റിപ്പോർട്ടുകൂടി പരിശോധിച്ച്കൊണ്ട് ഒരു പുന:രന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

## 27.10.2011-ലെ മറുപടിക്ക്

‘ഗസ്റ്റ് എഡിറ്റർ തസ്തിക’

5753 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാംസ്ക്കാരിക വകുപ്പ് സ്ഥാപനമായ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആവശ്യാനുസരണം എഡിറ്റർമാരും എഡിറ്റോറിയൽ അസിസ്റ്റന്റുമാരും ഉണ്ടായിരിക്കെ ‘ഗസ്റ്റ് എഡിറ്റർ’ എന്ന തസ്തിക സൃഷ്ടിച്ച് നിയമനം നടത്തിയ സാഹചര്യം എന്താണ്; നിയമനം നേടിയ ഗസ്റ്റ് എഡിറ്ററുടെ യോഗ്യതയും നിയമനത്തിനായി ഇൻസ്റ്റിറ്റ്യൂട്ട് അധികൃതർ സ്വീകരിച്ച നടപടിക്രമവും വിശദീകരിക്കാമോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥർക്ക് അനുവദിച്ചിട്ടുള്ള ശമ്പളം, ഓഫീസ്മുറി, ഫോൺ എന്നിവ എന്തു മാനദണ്ഡത്തിലാണ് നൽകിയത് ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>ശ്രീ. ഗോപിനാഥന് പ്രതിഫലം നൽകുന്നതിന് നടപടി</u>

5754 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശാസ്ത്രീയ സംഗീതം വിദേശികൾക്കു പോലും എളുപ്പം മനസ്സിലാകുംവിധം ഇംഗ്ലീഷ് മ്യൂസിക് നൊട്ടേഷനിലേയ്ക്ക് മാറ്റം വരുത്തി തയ്യാറാക്കിയ ഗ്രന്ഥം സാംസ്ക്കാരിക വകുപ്പ് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പരിശോധനയ്ക്ക് കൈമാറിയിരുന്നത് തിരികെ ലഭിക്കുകയോ പ്രസിദ്ധീകരിക്കുകയോ ചെയ്തിട്ടുണ്ടോ;

(ബി) ഈ ഗ്രന്ഥത്തിന്റെ രചന നടത്തിയ ചേർത്തല സ്വദേശി കുന്നത്തുവെളിയിൽ ശ്രീ. ഗോപിനാഥന്റെ പരിശ്രമങ്ങളെ അംഗീകരിക്കുവാനും ഇദ്ദേഹത്തിന്റെ പുസ്തകം പ്രസിദ്ധീകരിക്കുവാനും പ്രതിഫലം നൽകുവാനും തയ്യാറാകുമോ ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

<u>ഭരത് മുരളിക്ക് സ്മാരകം</u>

5755 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്തരിച്ച സിനിമ നടനും സംഗീത നാടക അക്കാദമി ചെയർമാനുമായിരുന്ന ഭരത് മുരളിയുടെ സ്മരണാർത്ഥം കുടവട്ടൂരിൽ നിർമ്മിക്കുന്ന മന്ദിരത്തിന്റെ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണ്.

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തിക്കായി എത്ര തുകയാണ് അനുവദിച്ചിരുന്നത്;

(സി) പ്രസ്തുത നിർമ്മാണം ആരുടെ ചുമതലയിലും മേൽനോട്ടത്തിലുമാണ് നടത്തിയിട്ടുള്ളത്;

(ഡി) പ്രസ്തുത മന്ദിരം എന്ത് ആവശ്യങ്ങൾ നടത്തുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്; പ്രസ്തുത പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

ചെറുശ്ശേരി സ്മാരകം

5756 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാചീന കവിത്രയങ്ങളിൽ ഒരാളും കൃഷ്ണഗാഥാകർത്താവുമായ ചെറുശ്ശേരിക്ക് ഉചിതമായ സ്മാരകം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ബി) ഇതിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ നൽകാൻ തയ്യാറുള്ള ചെറുശ്ശേരിയുടെ കാവ്യജീവിതവുമായി ബന്ധപ്പെട്ടതെന്ന് കണക്കാക്കുന്ന പ്രദേശത്ത് ചെറുശ്ശേരി സ്മാരകം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>കുഞ്ഞുണ്ണി മാസ്റ്റര്‍ സ്മാരകമന്ദിരം</u>

5757 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അന്തരിച്ച പ്രശസ്ത കവി കുഞ്ഞുണ്ണി മാസ്റ്ററോടുളള ആദരസൂചകമായി സാംസ്കാരിക വകുപ്പ് നിര്‍മ്മിക്കുമെന്ന് പ്രഖ്യാപിച്ച സ്മാരകമന്ദിരത്തിന്റെ ഇതുവരെയുളള പ്രവര്‍ത്തനപുരോഗതി വിശദമാക്കാമോ;

(ബി) സ്മാരകമന്ദിര നിര്‍മ്മാണം അടിയന്തരിമായി പൂര്‍ത്തിയാക്കുന്നതിനുളള നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>കുഞ്ചന്‍ നമ്പ്യാര്‍ സ്മാരകത്തിന്റെ വികസനം</u>

5758 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഒറ്റപ്പാലം കുഞ്ചന്‍ നമ്പ്യാര്‍ സ്മാരകത്തിന്റെ സമഗ്ര വികസനത്തിനായി 2006-2011 കാലഘട്ടത്തില്‍ എന്തെല്ലാം നടപടികള്‍ ആണ് സ്വീകരിച്ചത് എന്ന് വിശദമാക്കാമോ;

(ബി) എത്ര രൂപയുടെ വികസന പ്രവര്‍ത്തനങ്ങള്‍ ആണ് പ്രസ്തുത കാലയളവില്‍ നടത്തിയത്;

(സി) 2011 ജൂണ്‍ 1 മുതല്‍ നാളിതുവരെ എന്തെല്ലാം വികസന പ്രവര്‍ത്തനങ്ങള്‍ ആണ് നടത്തിയതെന്ന് വിശദീകരിക്കാമോ;

(ഡി) സ്മാരകത്തിന്റെ വികസനത്തിനായി എന്തെല്ലാം നടപടികള്‍ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

ചാനലുകളിലെ 'റിയാലിറ്റി ഷോ'

5759 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ ചാനലുകളിലെ 'റിയാലിറ്റി ഷോ'കളിൽ കുട്ടികളെ അപകടകരമായ രീതിയിൽ ഡാൻസ് ചെയ്യിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുട്ടികൾക്ക് വൻ സമ്മാന വാഗ്ദാനങ്ങൾ ചെയ്തു നടത്തുന്ന ഇത്തരം 'റിയാലിറ്റി ഷോ'കളിലെ എലിമിനേഷൻ റൗണ്ടുകളും മറ്റും കുട്ടികളിൽ കടുത്ത മാനസിക സംഘർഷങ്ങൾ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത 'ഷോ'കൾ ബാലവേലകൾ എന്ന ഗണത്തിൽപ്പെടുത്താമോ; ആയതു സംബന്ധിച്ച് അന്വേഷണം നടത്തുമോ;

(ഡി) പ്രസ്തുത 'ഷോ'കൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; അടിയന്തിര നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

ചവിട്ടുനാടകം, പരിചമുട്ടുകളി തുടങ്ങിയ സാംസ്കാരിക കലകളുടെ നിലനിൽപ്പിന് നടപടി

5760 ശ്രീ. ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചവിട്ടുനാടകം, പരിചമുട്ടുകളി തുടങ്ങിയ സാംസ്കാരിക കലകളുടെ നിലനിൽപ്പിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കലാകാരന്മാർക്ക് നിലവിൽ പെൻഷൻ അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ നൽകുവാൻ നടപടി സ്വീകരിക്കുമോ ;

(സി സ്കൂൾ യൂത്ത് ഫെസ്റ്റിവലുകളിൽ ഒരു ഇനമായി ചേർത്ത് പ്രസ്തുത കലാരൂപങ്ങൾക്ക് നവജീവൻ നൽകുവാൻ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

കലാകാരന്മാർക്ക് ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി

5761 ശ്രീ. പി. സി. ജോർജ്
,, തോമസ് ഉണ്ണിയാടൻ
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കലാകാരന്മാർക്ക് നല്കിവരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ;

(ബി) കലാകാരന്മാരുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

<u>സർക്കസ് തൊഴിലാളികളുടെ പെൻഷൻ</u>

5762 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കസ് തൊഴിലാളികളുടെ പെൻഷൻ 750 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണമെന്ത്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>നൃത്ത നാടക കലാകാരന്മാരുടെ ക്ഷേമത്തിന് നടപടി</u>

5763 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ നൃത്ത നാടക കലാകാരന്മാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളും ജീവിത പ്രയാസങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കലാകാരന്മാരുടെ ക്ഷേമത്തിനും അഭിവൃദ്ധിക്കുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ

## 27.10.2011-ലെ മറുപടിക്ക്

<u>പ്രവാസികൾക്ക് തിരിച്ചറിയൽ കാർഡ്</u>

5764 ശ്രീ. ഷാഫി പറമ്പിൽ
,, പാലോട് രവി
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾക്ക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്നുണ്ടോ;

(ബി) പ്രസ്തുത കാർഡിൽ സർക്കാർ ചിഹ്നം ഇല്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ചിഹ്നം കാർഡിൽ ഉൾക്കൊളളിക്കാൻ നടപടി എടുക്കുമോ;

(ഡി) പ്രസ്തുത കാർഡിന് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നുണ്ടോ;

(ഇ) കാർഡ് വിതരണത്തിൽ ഏജൻസി കമ്മീഷൻ തുക നോർക്കക്ക് ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആർക്കാണ് ഇത് ലഭിക്കുന്നതെന്ന കാര്യം അന്വേഷിക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>മറുനാടൻ മലയാളികളുടെ സംഘടനകൾ</u>

5765 ശ്രീ. കെ. വി.അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന മറുനാടൻ മലയാളികളുടെ സംഘടനകൾ രജിസ്റ്റർ ചെയ്യുന്നതിന് സംവിധാനം ഉണ്ടോ;

(ബി) ദില്ലി, കൽക്കത്ത, മുംബെയ്, ചെന്നെ, ഭോപ്പാൽ എന്നിവിടങ്ങളിലെ മലയാളി സംഘടനകളെ വിളിച്ചു ചേർത്ത് അവരുടെ യാത്രപ്രശ്നം പോലെയുള്ള കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>പ്രവാസി സംഘടനകളുടെ പ്രവര്‍ത്തനങ്ങള്‍ നിരീക്ഷിക്കാന്‍ നടപടി</u>

5766 ശ്രീ. ലൂഡി ലൂയിസ്
,, ഹൈബി ഈഡന്‍
,, എം.എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പ്രവാസി സംഘടനകളുടെയും അസോസിയേഷനുകളുടെയും പ്രവര്‍ത്തനങ്ങള്‍ നിരീക്ഷിക്കുവാനും കാര്യക്ഷമമാക്കാനും നോര്‍ക്ക-റൂട്ട്സ് എന്തെല്ലാം കാര്യങ്ങള്‍ ചെയ്യുന്നുണ്ട്;

(ബി) സംസ്ഥാനത്തിന്റെ വിവിധ തലത്തിലുള്ള വികസന പ്രവര്‍ത്തനങ്ങളില്‍ ഇവരെ ഭാഗഭാക്കാക്കുവാനുള്ള നടപടികള്‍ സ്വീകരിക്കുമോ;

(സി) ഇതിനായി എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>തിരിച്ചുവന്ന പ്രവാസികൾ</u>

5767 ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി**

സദയം മറുപടി നൽകുമോ:

(എ) കേരളത്തിലേക്ക് തിരിച്ചുവന്ന പ്രവാസികളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവരുടെ എണ്ണം, സാമൂഹ്യ-സാമ്പത്തിക സ്ഥിതി ഇവയെപ്പറ്റി അറിയുന്നതിന് സർവ്വേ നടത്താൻ നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

തിരികെ എത്തുന്ന പ്രവാസികൾക്ക് സ്വന്തമായി സംരംഭങ്ങൾ തുടങ്ങാൻ സഹായ പദ്ധതി

5768 ശ്രീ. ഷാഫി പറമ്പിൽ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരികെയെത്തുന്ന പ്രവാസികൾക്ക് സ്വന്തമായി ആരംഭിക്കാൻ കഴിയുന്ന സംരംഭങ്ങൾക്ക് സഹായം നൽകുന്ന ഒരു പദ്ധതിക്ക് രൂപം നൽകുന്ന കാര്യം പരിഗണിക്കുമോ;

(ബി) പദ്ധതി ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നടപ്പിലാക്കുന്ന കാര്യത്തിന് മുൻഗണന നൽകുമോ;

(സി) ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിന് ധനകാര്യ സ്ഥാപനങ്ങൾ വഴിയുള്ള വായ്പകൾ ലഭിക്കുവാനുള്ള നടപടികൾക്ക് നേതൃത്വം കൊടുക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>പ്രവാസി മലയാളിക്ക് ചികിത്സാ സഹായം</u>

5769 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശൂർ ജില്ലയിലെ ഏങ്ങണ്ടിയൂർ സ്വദേശിയും പ്രവാസി മലയാളിയുമായ ശ്രീ. കിഴക്കൂട്ട് ചന്ദ്രൻ മസ്ക്കറ്റിൽ വച്ച് വാഹനാപകടത്തിൽ ഗുരുതരമായി പരിക്കേറ്റ് മസ്ക്കറ്റിലെ കപ്പോള ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വ്യക്തിയെ നാട്ടിലെത്തിക്കുന്നതിന് (നോർക്ക വഴി) എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) പ്രസ്തുത വ്യക്തിയുടെ ചികിത്സയ്ക്കായി ഏതെങ്കിലും തരത്തിലുള്ള ധനസഹായം അനുവദിച്ചുവോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

വിദേശ മലയാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾ

5770 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, കെ. അച്ചുതൻ
,, വി.ഡി. സതീശൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദേശ മലയാളികളുടെ ക്ഷേമപ്രവർത്തനത്തിൽ സജീവ ഇടപെടൽ നടത്തണമെന്ന് നോർക്ക തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ഇടപെടലുകളാണ് നടത്താനുദ്ദേശിക്കുന്നത്;

(സി) മാറി വരുന്ന ലോക സാഹചര്യത്തിൽ വിദേശ മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും, കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി വിദേശ മലയാളി സംഗമം സംഘടിപ്പിക്കുവാൻ ശ്രമിക്കുമോ;

(ഡി) എങ്കിൽ എന്ന് എവിടെ വച്ച് സംഘടിപ്പിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>വിദേശത്ത് അപകട മരണം സംഭവിക്കുന്നവരുടെ കുടുംബത്തിന്
സാമ്പത്തിക സഹായം</u>

5771 ശ്രീ. റ്റി. എ.അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് വെച്ച് അപകടമരണം സംഭവിക്കുന്ന മലയാളികളുടെ കുടുംബങ്ങൾക്ക് സർക്കാർ ധനസഹായം നൽകുന്നുണ്ടോ ;

(ബി) എങ്കിൽ അതിനു നിശ്ചയിച്ചിട്ടുള്ള മാനദണ്ഡമെന്തെന്നും എന്ത് തുകയാണ് ധനസഹായമായി നൽകുന്നത് എന്നും വ്യക്തമാക്കുമോ ;

(സി) തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

<u>പ്രവാസികളുടെ മൃതദേഹങ്ങൾ നാട്ടിലെത്തിക്കുന്നതിലെ കാലതാമസം</u>

5772 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെ മൃതദേഹങ്ങൾ നാട്ടിലെത്തിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) മരണപ്പെട്ട പ്രവാസികളുടെ കുടുംബത്തിന് നൽകിവരുന്ന സഹായ പദ്ധതികൾ ഏതെല്ലാമാണ്;

(സി) ഇത്തരം സഹായ പദ്ധതികൾ മെച്ചപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>നോർക്ക - റൂട്ട്സ്</u>

5773

ശ്രീ. ജോസഫ് വാഴക്കൻ
,, ഹൈബി ഈഡൻ
,, എ. റ്റി. ജോർജ്
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നോർക്ക - റൂട്ട്സ് എന്തെല്ലാം സാമ്പത്തിക സഹായ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്;

(ബി) സാന്ത്വന, ചെയർമാൻ ഫണ്ട് തുടങ്ങിയവ അർഹരായവർക്ക് തന്നെ സമയബന്ധിതമായി ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ നിലവിൽ സംവിധാനമുണ്ടോ;

(സി) ഇല്ലെങ്കിൽ ഇത്തരമൊരു സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുമോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ പാഠ്യപദ്ധതി യിൽ മാറ്റം വരുത്തൽ

5774 ശ്രീ. എ. റ്റി. ജോർജ്
,, ഐ. സി. ബാലകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദേശരാജ്യങ്ങളിൽ തൊഴിൽ മേഖലയിൽ വന്ന മാറ്റം കണക്കിലെടുത്ത് വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിലും ടെക്നിക്കൽ സ്കൂളുകളിലും പാഠ്യപദ്ധതിയിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണിക്കുമോ;

(ബി) ഇതിനായി നോർക്ക-റൂട്ട്സ് മുൻകൈ എടുക്കുമോ;

(സി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>നോർക്കയുടെ കീഴിൽ പഠനകേന്ദ്രങ്ങൾ തുടങ്ങാൻ സാമ്പത്തിക സഹായം</u>

5775 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നോർക്കയുടെ കീഴിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സാങ്കേതിക പഠനകേന്ദ്രങ്ങളുടെ വിവരങ്ങൾ വിശദീകരിക്കാമോ ;

(ബി) പഠന കേന്ദ്രങ്ങൾ തുടങ്ങാൻ സാമ്പത്തിക സഹായം നൽകുന്നുണ്ടോ ;

(സി) നിലവിലുള്ള ഐ.റ്റി.ഐ. കളോട് ചേർന്ന് ഇത്തരം കേന്ദ്രങ്ങൾക്ക് അനുമതി നൽകുന്നതിന് തടസ്സങ്ങളുണ്ടോയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

ഫ്രീ- ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം

5776 ശ്രീ. പി. എ. മാധവൻ
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫ്രീ- ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാമിന്റെ പ്രവർത്തന രീതിയും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തെല്ലാം എന്ന് അറിയിക്കുമോ; ഇത് എവിടെയെല്ലാമാണ് നടപ്പാക്കിവരുന്നത്;

(ബി) ഉന്നതവിദ്യാഭ്യാസത്തിനും തൊഴിലിനുമായി യൂറോപ്പിലേക്കും പടിഞ്ഞാറൻ രാജ്യങ്ങളിലേക്കുമുള്ള കുടിയേറ്റത്തിന്റെ സാദ്ധ്യതകളെപ്പറ്റിയുള്ള ഓറിയന്റേഷൻ പ്രോഗ്രാമുകൾ സംഘടിപ്പിക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>പ്രവാസി പദ്ധതി</u>

5777 ശ്രീ. ഐ. സി. ബാലകൃഷ്ണന്‍
,, കെ. അച്ചുതന്‍
,, സി. പി. മുഹമ്മദ്
,, വി. ഡി. സതീശന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിദേശ തൊഴില്‍ അന്വേഷകര്‍ക്കും തിരിച്ചെത്തിയ പ്രവാസികള്‍ക്കും ജോലി ലഭിക്കുന്നതിനായി ഒരു സമഗ്ര പദ്ധതിക്ക് രൂപം നല്‍കുന്ന കാര്യം ആലോചിക്കുമോ;

(ബി) ഇതിനായി സ്വകാര്യ ഏജന്‍സികളെക്കൂടി ഉള്‍പ്പെടുത്തി കാര്യക്ഷമമായി റിക്രൂട്ട്മെന്റ് സംവിധാനം ഏര്‍പ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>പ്രവാസികൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി</u>

5778 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, കെ. ശിവദാസൻ നായർ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾക്കുള്ള ഇൻഷ്വറൻസ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാം ;

(ബി) ഇപ്പോൾ ഇൻഷ്വറൻസ് തുക വർദ്ധിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>പൈതൃക ഗ്രാമം</u>

5779 ശ്രീ. പാലോട് രവി
'' വി. പി. സജീന്ദ്രൻ
'' പി. എ. മാധവൻ
'' അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികൾക്കുവേണ്ടി പൈതൃക ഗ്രാമം സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനുവേണ്ടി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത ഗ്രാമത്തിന്റെ വിസ്തൃതി എത്രയാണ്;

(ഡി) പ്രസ്തുത ഗ്രാമത്തിൽ എന്തെല്ലാം സ്ഥാപനങ്ങളാണ് നടത്താനുദ്ദേശിക്കുന്നത്;

(ഇ) പ്രസ്തുത ഗ്രാമം എവിടെയാണ് സ്ഥാപിക്കാനുദ്ദേശിക്കുന്നതെന്നു വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>പ്രവാസികൾക്കു ലഭിക്കുന്ന സൗകര്യങ്ങൾ</u>

5780 ശ്രീ. പി.സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് ബിസിനസ്സ്/ജോലിചെയ്യുന്ന പ്രവാസി മലയാളികളിൽ അതോടൊപ്പം കേരളത്തിലെ കാർഷിക രംഗത്ത് ഇടപ്പെടുന്നവർക്ക് കാർഷികരംഗം, കൃഷിഭൂമി എന്നിവ വികസിപ്പിക്കുന്നതിനും ശരിയായ നിർദ്ദേശങ്ങൾ നൽകുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ ; എങ്കിൽ അവ ഏതെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) ഇത്തരത്തിലുള്ള പ്രവാസികളെ കർഷകനായോ, കാർഷിക സംരംഭകനായോ പരിഗണിക്കുവാൻ കഴിയുമോ ;

(സി) വിദേശമലയാളികളുടെ പേരിലുള്ള തരിശു ഭൂമി കൃഷി ചെയ്യത്തക്ക വിധത്തിൽ ഏറ്റെടുത്തു കാർഷിക യോഗ്യമാക്കുന്നതിന് വേണ്ടി നിലവിൽ പദ്ധതികൾ ഉണ്ടോ ; എങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>പി.ആർ.ഡി. ചെലവഴിച്ച തുക</u>

5781 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പി.ആർ.ഡി. വഴി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പി.ആർ.ഡി. വഴി നടപ്പുസാമ്പത്തിക വർഷത്തിൽ എത്ര തുക കൂടി ചെലവഴിക്കേണ്ടി വരും എന്നു കണക്കാക്കിയിട്ടുണ്ടോ ?

# കേരള നിയമസഭ

## 27.10.2011-ലെ മറുപടിക്ക്

### സംസ്ഥാനത്ത് നിന്നും അന്യ രാജ്യങ്ങളിലേക്കുള്ള മനുഷ്യക്കടത്തിനെതിരെ നടപടി

5782 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിന്നും അന്യരാജ്യങ്ങളിലേക്ക് മനുഷ്യക്കടത്ത് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇങ്ങനെ അന്യരാജ്യങ്ങളിലേക്ക് കൊണ്ടുപോയിട്ടുള്ളവർ അനുഭവിക്കുന്ന വിഷമതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?